**പതിമൂന്നാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2616

**19/3/2015-ലെ** മറുപടിയ്ക്ക്

**തൊഴിൽ രഹിതരായ യുവതീ-യുവാക്കൾക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ | | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പു മന്ത്രി) | |
| (എ) | തൊഴിൽ രഹിതരായ യുവതീ-യുവാക്കൾക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്നതിന് എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത് ; വിവിധ പദ്ധതികളും മാനദണ്ഡങ്ങളും സംബന്ധിച്ച് വിശദാംശം നൽകാമോ; | (എ) | തൊഴിൽ രഹിതരായ യുവതീ - യുവാക്കൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന കെസ്റു-99" "മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ്", "ശരണ്യാ" സ്വയം തൊഴിൽ പദ്ധതി എന്നീ മൂന്നു പദ്ധതികൾ എംപ്ലോയ് മെന്റ് വകുപ്പു മുഖാന്തിരം നടപ്പിലാക്കി വരുന്നു. അവയുടെ വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. |
| ബി) | നിലവിൽ അനുവദിക്കുന്ന ധനസഹായം കാലോചിതമായി ഉയർത്തുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ? | ബി) | ഇപ്പോൾ സർക്കാരിന്റെ പരിഗണന - യിലില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

1. ***"കെസ്റു 99"***: കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേഡ് അൺഎംപ്ലോയ്ഡ്–1999 (KESRU 99) പദ്ധതി 30-03-1999 ലെ 40/99/തൊഴിൽ നമ്പർ സർക്കാർ ഉത്തരവു പ്രകാരം നിലവിൽവന്നു. കേരളത്തിലെ ഏതെങ്കിലും ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളതും, വാർഷിക കുടുംബ വരുമാനം 40,000/–രൂപയിൽ കവിയാൻ പാടില്ലാത്തതും 21–നും 50–നും ഇടയ്ക്ക് പ്രായമുള്ള ഏതൊരു വ്യക്തിക്കും ഈ പദ്ധതിയിൻകീഴിൽ സ്വയംതൊഴിൽ വായ്പ ലഭിക്കുന്നതിന് അപേക്ഷ നൽകാവുന്നതാണ്. 25 വയസ്സ് കഴിഞ്ഞവർക്കും സാങ്കേതിക പരിജ്ഞാനമുളളവർക്കും (നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ്, നാഷണൽ അപ്രന്റീസ് സർട്ടിഫിക്കറ്റ്) മുൻഗണന നൽകുന്നതാണ്. ഇത് ബാങ്കുമായി ബന്ധപ്പെടുത്തി നടപ്പാക്കുന്ന സ്വയംതൊഴിൽ പദ്ധതിയാണ്

ഈ പദ്ധതിയിൻകീഴിൽ സമർപ്പിക്കുന്ന പ്രോജക്ടുകൾക്ക് ധനകാര്യ സ്ഥാപനങ്ങൾ വായ്പ അനുവദിക്കുന്ന തുകയുടെ 20% തുക (പരമാവധി 20,000/- രൂപ വരെ) സബ്സിഡി സർക്കാർ എംപ്ലോയ്മെന്റ് വകുപ്പു മുഖാന്തിരം നൽകുന്നു. പരമാവധി വായ്പ തുക 1,00,000/– (ഒരു ലക്ഷം) രൂപയാണ്. ഈ പദ്ധതി പ്രകാരം സ്വയംതൊഴിൽ ചെയ്യുന്നതിന് ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷകൾ എല്ലാ പ്രവൃത്തി ദിവസങ്ങളിലും അതാത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും വാങ്ങാവുന്നതാണ്.

2. ***മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ്*** : 29-10-2007 ലെ ജി.ഒ.(പി) 143/07/തൊഴിൽ നമ്പർ സർക്കാർ ഉത്തരവിലുടെയാണ് മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ ജോബ് ക്ലബ്ബ് പദ്ധതി എന്ന സ്വയംതൊഴിൽ പദ്ധതി നിലവിൽ വന്നത്. കേരളത്തിലെ ഏതെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുളള തൊഴിൽ രഹിതർക്ക് വേണ്ടി വകുപ്പു നടത്തുന്ന വിവിധോദ്ദേശ സേവന കേന്ദ്രങ്ങളും അവയുടെ കീഴിൽ പ്രവർത്തിക്കുന്ന തൊഴിൽരഹിതർ നടത്തുന്ന ജോബ് ക്ലബ്ബുകളുമാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. കേരളത്തിലെ ഏതെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളതായിരിക്കണം അപേക്ഷകർ. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽപേര്രജിസ്റ്റർചെയ്തിട്ടില്ലെങ്കിലും പ്രവർത്തി കാര്യക്ഷമതാ പരിശീലനം സിദ്ധിച്ചവർക്കും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകാ

വുന്നതാണ്. എന്നാൽ ആകെ ഗുണഭോക്താക്കളിൽ ഇത്തരക്കാർ 10 ശതമാനത്തിൽ കൂടാൻ പാടുള്ളതല്ല. വാർഷിക കുടുംബ വരുമാനം 50,000/- രൂപയിൽ കവിയാൻ പാടില്ല. (കുടുംബ വരുമാനം എന്നുദ്ദേശിക്കുന്നത് ഗുണഭോക്താവിന്റെ പേര് ഉൾപ്പെട്ട റേഷൻ കാർഡിൽ പേരുള്ള അംഗങ്ങളുടെ ആകെ വരുമാനമാണ്). 21 നും 40 നും മദ്ധ്യേ പ്രായമുള്ളവരായിരിക്കണം അപേക്ഷകർ. മറ്റു പിന്നോക്ക ജാതിക്കാർക്ക് 3 വർഷവും പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങൾക്ക് 5 വർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കും.

പ്രൊഫഷണൽ/സാങ്കേതിക യോഗ്യതയുള്ളവർക്കും തൊഴിൽ രഹിത വേതനം കൈപ്പറ്റിക്കൊണ്ടിരിക്കുന്നവർക്കും മുൻഗണന ഉണ്ടായിരിക്കും. കൂടാതെ സംസ്ഥാന വ്യാവസായിക പരിശീലന വകുപ്പ് പരമ്പരാഗത തൊഴിലാളികൾക്ക് നൽകുന്ന "പ്രവൃത്തി കാര്യക്ഷമതാ സർട്ടിഫിക്കറ്റ്" കരസ്ഥമാക്കിയിട്ടുള്ളവർക്കും, സംസ്ഥാനത്തെ ഐ.റ്റി.ഐ., ഐ.റ്റി.സി, പോളിടെക്നിക് എന്നിവയിൽ നിന്ന് വിവിധ ട്രേഡുകളിൽ പരിശീലനം നേടിയവർക്കും ജനശിക്ഷൺ സൻസ്ഥാൻ, റൂഡ് സെറ്റ് എന്നിവിടങ്ങളിൽ നിന്ന് തൊഴിൽ പരിശീലനം നേടിയവർക്കും മുൻഗണന നൽകുന്നതാണ്. ഇത് ബാങ്കുമായി ബന്ധപ്പെടുത്തി നടപ്പാക്കുന്ന ഒരു പദ്ധതിയാണ്. ഒരു ക്ലബ്ബിന് പരമാവധി 10 ലക്ഷം രൂപ വരെ വായ്പ ലഭിക്കുന്നു. ഓരോ ക്ലബ്ബിനും വായ്പ തുകയുടെ 25% സബ്സിഡി (പരമാവധി 2 ലക്ഷം രൂപ) സർക്കാർ എംപ്ലോയ് മെന്റ് വകുപ്പു മുഖാന്തിരം നൽകുന്നു. പ്രോജക്ട് നടത്തിപ്പിൽ ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനായി വായ്പത്തുകയുടെ 10% ഓരോ അംഗങ്ങളും തങ്ങളുടെ വിഹിതമായി ആദ്യംതന്നെ നിക്ഷേപിക്കേണ്ട താണ്.

## 3. ശരണ്യാ സ്വയംതൊഴിൽ പദ്ധതി

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ വിധവകൾ, ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവർ, നിയമാനുസൃതം വിവാഹബന്ധം വേർപെടുത്തിയവർ, അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ എന്നീ വിഭാഗം സ്ത്രീകൾക്കായി 2010-11 സാമ്പത്തിക വർഷം ആരംഭിച്ചിട്ടുള്ള സ്വയംതൊഴിൽ പദ്ധതിയാണിത്. ഒരു വ്യക്തിക്ക് പരമാവധി 50,000/- രൂപ വരെ പലിശരഹിത വായ്പയാണ് അനുവദിക്കുന്നത്. വായ്പ തുകയുടെ 50% പരമാവധി 25,000/- രൂപ വരെ

സബ്സിഡിയായി അനുവദിക്കുന്നതുമാണ്. അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന പ്രോജക്ട് പരിശോധിച്ച് ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു.

കേരളത്തിലെ ഏതെങ്കിലും ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളതും, വാർഷിക കുടുംബ വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്തതും 18 നും 55 നും മദ്ധ്യേ പ്രായമുള്ള (അവിവാഹിതകൾക്ക് 30 വയസ്സ് പൂർത്തിയാകണം) മേൽപറഞ്ഞ വിഭാഗത്തിലുള്ള വനിതകൾക്ക് ഈ പദ്ധതിയിൻപ്രകാരം സ്വയംതൊഴിൽ വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്. പ്രൊഫഷണൽ/ സാങ്കേതിക യോഗ്യതയുള്ളവർക്കും, ഐ.റ്റി.ഐ., ഐ.റ്റി.സി. സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർക്കും ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് മുൻഗണന നൽകുന്നതാണ്. അപേക്ഷ പാസാക്കിയവർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിനാവശ്യമായ സംരംഭകത്വ വികസന പരിശീലനം RSETI കൾ വഴി നൽകിയതിന് ശേഷം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന വായ്പ അനുവദിക്കുന്നു. വായ്പ തിരിച്ചടവ് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ ബന്ധപ്പെട്ട ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ നടത്താവുന്നതാണ്.

സെക്ഷൻ ഓഫീസർ